ഉള്ളൂർ ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ മീന മഹോത്സവം

തിരുവനന്തപുരം: മേജർ ഉള്ളൂർ ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ മീന മഹോത്സവത്തിന് ഇന്നലെ തുടക്കമായി. വൈകിട്ട് 6.30ന് ചുറ്റുവിളക്കിനു ശേഷം തൃക്കൊടിയേറ്റ് നടന്നു.

രണ്ടാം ഉത്സവദിവസമായ ഇന്ന് രാത്രി 7ന് നൃത്തസന്ധ്യ, രാത്രി 9.30ന് ഗാനമേള, നാളെ രാത്രി 9.30ന് ചിരിക്കും തളിക സൂപ്പർ മെഗാഷോ, 15ന് രാത്രി 9.30ന് മേജർസെറ്റ് കഥകളി, 16ന് രാത്രി 9.30ന് പള്ളിയന്നിലാവിൽ എഴുന്നള്ളത്ത്, 17ന് രാത്രി 9.30ന് കൊച്ചിൻ ഹൈനസ്സിന്റെ മെഗാഷോ, 18ന് രാത്രി 9.30ന് പള്ളിവേട്ട എഴുന്നള്ളിപ്പ്, അവസാനദിവസമായ 20ന് രാത്രി 10ന് മിമിക്സ് മഹാമേളം എന്നിവ നടക്കും. 19ന് വൈകിട്ട് നാലിന് ക്ഷേത്രത്തിൽ നിന്ന് ആറാട്ട് എഴുന്നള്ളിപ്പ് ആരംഭിക്കും. അന്ന് പുലർച്ചെ മൂന്നിന് വെടിക്കെട്ടുമുണ്ടാകും.

കവിതാസമാഹാരം പ്രകാശനം

തിരുവനന്തപുരം: പഴവിള രമേശന്റെ ഏറ്റവും പുതിയ കവിതാസമാഹാരം 'ഞാനെന്റെ കാടുകളിലേക്ക്' ഇന്ന് വൈകിട്ട് 4ന് ഹോട്ടൽ സൗത്ത് പാർക്ക് കോൺഫറൻസ് ഹാളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ജി. സുധാകരൻ പ്രകാശനം ചെയ്യും. പ്രൊഫ. ബി. രാജീവൻ ആദ്യപ്രതി ഏറ്റുവാങ്ങും.

ചടങ്ങിൽ സക്കറിയ അദ്ധ്യക്ഷനായിരിക്കും. ഡോ. മുഞ്ഞിനാട് പത്മകുമാർ പുസ്തകം പരിചയപ്പെടുത്തും. കാവാലം ശ്രീകുമാർ സംസാരിക്കും. സുനിൽ സി.ഇ സ്വാഗതവും ഡോ. വേണു നന്ദിയും പറയും. എൻ.ബി.എസ് പ്രസാധനം ചെയ്യുന്ന കവിതാസമാഹാരത്തിൽ എട്ടു ഭാഗങ്ങളിലായി 120 കവിതകളാണുള്ളത്.

യു.എസ്.എസ് പരീക്ഷാഹാളിൽ വാഗ്വാദം

തിരുവനന്തപുരം: ഇന്നലെ നടന്ന യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാർത്ഥികൾക്കു വ്യക്തമായ നിർദ്ദേശങ്ങൾ മുൻകൂട്ടി നൽകാതിരുന്നത് രക്ഷാകർത്താക്കളും അദ്ധ്യാപകരും തമ്മിൽ വാഗ്വാദത്തിനു കാരണമായി.

രാവിലെ 9.45 മുതൽ വൈകിട്ട് 4 വരെയാണ് പരീക്ഷ നിശ്ചയിച്ചിരുന്നത്. വിദ്യാർത്ഥികളുടെ പ്രോജക്ടുകളും ഹാജരാക്കണമെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതരെ അറിയിച്ചിരുന്നു. എന്നാൽ പേട്ട ഗവൺമെന്റ് സ്കൂളിൽ പരീക്ഷയെഴുതേണ്ട ചില കുട്ടികൾക്ക് ഈ അറിയിപ്പു കിട്ടാതിരുന്നതാണ് വാഗ്വാദത്തിനു വഴിവച്ചത്. പ്രധാനാദ്ധ്യാപികയുടെ ഇടപെടൽ മൂലം തർക്കം പരിഹരിച്ചു.

ബാർ കൗൺസിൽ: 2298 പേർ വോട്ടു ചെയ്തു

തിരുവനന്തപുരം: ബാർ കൗൺസിലിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ തിരുവനന്തപുരത്ത് 2298 പേർ വോട്ട് രേഖപ്പെടുത്തി. രണ്ട് പേർ ചലഞ്ച് വോട്ട് ചെയ്തു. ഇവരുടെ വോട്ട് വേറെ ആരോ ചെയ്തതിനാലാണ് ചലഞ്ച് വോട്ട് വേണ്ടിവന്നത്. മേയർ കെ. ചന്ദ്രിക, ജസ്റ്റിസ് ജെയിംസ്, ഡി.സി.സി പ്രസിഡന്റ് വി.എസ്. ശിവകുമാർ, ജോർജ് മെഴ്സിയർ എം.എൽ.എ തുടങ്ങിയവർ വോട്ട് ചെയ്തവരിൽപ്പെടുന്നു. 25 സ്ഥാനത്തേക്ക് 81 സ്ഥാനാർത്ഥികളാണ് രംഗത്തുള്ളത്. ഇതിൽ 17 പേർ തിരുവനന്തപുരം ബാറിലെ അഭിഭാഷകരാണ്. രാവിലെ 10 മണിക്ക് തുടങ്ങിയ പോളിംഗ് വൈകിട്ട് 5 വരെ നീണ്ടു. വോട്ടെണ്ണൽ 16ന് എറണാകുളത്ത് നടക്കും.

ധർമ്മവേദി തിരുവനന്തപുരം യൂണിയൻ

തിരുവനന്തപുരം: ശ്രീനാരായണ ധർമ്മവേദി തിരുവനന്തപുരം യൂണിയന്റെ കീഴിലുള്ള ശാഖകളിൽ മൂന്നാംഘട്ട വായ്പാവിതരണം നടത്തുന്നതിന്റെ ഭാഗമായുള്ള ഗ്രേഡിംഗ് ഇന്ന് രാവിലെ 11ന് രാജധാനി ഹാളിൽ കൂടും.

പട്ടം രമേശന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗം ഡോ. ബിജു രമേശ് ഉദ്ഘാടനം ചെയ്യും. മൂന്നാംഘട്ട വായ്പ ലഭിക്കേണ്ട സ്വയംസഹായസംഘം കൺവീനർമാർ, ജോയിന്റ് കൺവീനർമാർ എന്നിവർ ബന്ധപ്പെട്ട രേഖകളുമായി എത്തിച്ചേരണമെന്ന് യൂണിയൻ സെക്രട്ടറി വി. സതീശൻ അഭ്യർത്ഥിച്ചു.

കൊതുകുകൾക്ക് മാളമുണ്ട്

മാലിന്യം നിറഞ്ഞ പപ്പാട് കുളം

തിരുവനന്തപുരം: "ഒരുകാലത്ത് എങ്ങനെ കിടന്ന കുളമായിരുന്നു? തൊട്ടപ്പുറത്തുള്ള വയലിനായി വെള്ളം എത്തുന്നത് ഇവിടെ നിന്നായിരുന്നു. നാട്ടുകാരെല്ലാം കുളിക്കാനും മറ്റും എത്തുന്നതും ഇവിടെയായിരുന്നു. ഇന്നോ എല്ലാ നശിപ്പിക്കുകയല്ലേ..." പപ്പാട് കുളത്തിൽ നോക്കി വൃദ്ധയായ ഓമനഅമ്മ പരിതപിക്കുകയാണ്. വട്ടിയൂർക്കാവ് നെട്ടയം പപ്പാണി കുളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ കണ്ടാൽ നാട്ടുകാരായ ആരും ഇങ്ങനെയൊക്കെ പറഞ്ഞുപോകും.

നിറയെ പായൽ, വെള്ളത്തിനാണെങ്കിൽ ഇരുണ്ട നിറം, നാട്ടിലെ കൊതുകു ഫാക്ടറിയാണ് ഇപ്പോൾ പപ്പാട് കുളം. സമീപത്തെ റോഡിൽ നിന്നും കുത്തനെയുള്ള താഴ്ചയിലാണ് കുളം. റോഡിൽ കൈവരിയില്ലാത്തതിനാൽ അപകട സാദ്ധ്യതയേറും. സമീപത്തെ വീടുകളിൽ കുഞ്ഞുങ്ങളുണ്ട്. കൈവരി കെട്ടാൻ പോലും അധികാരികൾക്ക് സമയമില്ലത്രേ.

ഒരു വർഷം മുമ്പ് കുളം ശുചിയാക്കിയിരുന്നു. പക്ഷേ കാറിൽ എത്തി മാലിന്യം കുളത്തിലേക്ക് വലിച്ചെറിഞ്ഞു പോകുന്ന 'മാന്യന്മാർ' മാലിന്യക്കുളമാക്കി. പിന്നെ സാമൂഹ്യവിരുദ്ധരുടെ ശല്യവും. കുളക്കരയിൽ മദ്യപിക്കാനെത്തുന്നവർ കുപ്പി കുളത്തിലേക്ക് വലിച്ചെറിയുന്നെന്നും പരാതിയുണ്ട്. കുളം വൃത്തിയാക്കി കൈവരി കെട്ടിയാൽ നാട്ടുകാർക്ക് ഭയമില്ലാതെ ഇതുവഴി നടക്കാമായിരുന്നു– പ്രദേശവാസിയായ അപ്പുക്കുട്ടൻ നായരുടെ ആവശ്യം തന്നെയാണ് നാട്ടുകാരുടെ മുഴുവൻ ആവശ്യം.

കുളം വൃത്തിയാക്കണം

പപ്പാട് കുളം വൃത്തിയാക്കി നാട്ടുകാരെ കൊതുകു കടിയിൽ നിന്ന് രക്ഷിക്കണം. കുളത്തിനു ചുറ്റും കൈവരി കെട്ടി നാട്ടുകാരുടെ മുന്നിലുള്ള അപകടഭീതി മാറ്റണം. അധികാരികൾ മനസ്സുവച്ചാൽ വലിയ കാലതാമസം കൂടാതെ ചെയ്യാവുന്ന കാര്യങ്ങളാണിതൊക്കെ.

വെള്ളൈക്കടവ് വേണുകുമാർ
പ്രസിഡന്റ്, കോൺഗ്രസ് വട്ടിയൂർക്കാവ് മണ്ഡലം കമ്മിറ്റി.

സൈനിക സ്കൂൾ പ്രവേശന ലിസ്റ്റ്

തിരുവനന്തപുരം: കഴക്കൂട്ടം സൈനിക സ്കൂളിൽ 6, 9 ക്ളാസുകളിലേക്ക് നടത്തിയ പ്രവേശന പരീക്ഷയിലും ഇന്റർവ്യൂവിലും വൈദ്യപരിശോധനയിലും തിരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമ യോഗ്യതാലിസ്റ്റും വെയിറ്റിംഗ് ലിസ്റ്റും ഇന്ന് www.sainikschooltvm.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. ഫലം എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10 മുതൽ 5 വരെ 0471 – 2418247 എന്ന നമ്പരിലും ലഭ്യമാണ്.

മണ്ണൻ പടരുന്നു

തിരുവനന്തപുരം: കുട്ടികൾക്കിടയിൽ 'മണ്ണൻ' രോഗം പടരുന്നു.

മണ്ണൻ കൂടുതലായി കണ്ടുവരുന്നതിനാൽ അടിയന്തര നടപടി വേണമെന്ന് ഡോക്ടർമാർ ആവശ്യപ്പെട്ടിട്ടുണ്ട്. എസ്.എ.ടി ആശുപത്രിയിൽ എത്തുന്ന രോഗികളുടെ കണക്കുകൾ പ്രകാരം 9 മാസം തികയാത്ത കുട്ടികൾക്കിടയിൽ മണ്ണൻ കൂടുതലായി കണ്ടുവരുന്നതായി ശിശുരോഗചികിത്സാ വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോ. ലളിതാ കൈലാസ് പറഞ്ഞു.

കാലാവസ്ഥയിലുണ്ടായ വ്യതിയാനമാണ് മണ്ണൻ ഇത്രയധികം പടരാൻ കാരണം. പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്തതും മണ്ണൻ പടരുന്നതിന് കാരണമായിട്ടുണ്ടെന്ന് വിദഗ്ധർ പറയുന്നു. മുമ്പ് വ്യാപകമായി കണ്ട പല രോഗങ്ങളും കാര്യക്ഷമമായ പ്രതിരോധപ്രവർത്തനങ്ങളിലൂടെ വളരെയധികം കുറയ്ക്കുകയോ, ഇല്ലാതാക്കുകയോ ചെയ്തതായിരുന്നു.

എന്നാൽ ഇവയിൽ പലതും ഇപ്പോൾ തിരിച്ചുവന്നുകൊണ്ടിരിക്കുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതെന്ന് ഡോക്ടർമാർ പറയുന്നു.

സാധാരണയായി കുട്ടികളിൽ 9 മാസമാകുമ്പോഴും ഒന്നര വയസ്സാകുമ്പോഴുമാണ് പ്രതിരോധ കുത്തിവയ്പ് നൽകുന്നത്. എന്നാൽ കുത്തിവയ്പ് എടുക്കുന്നതിന് മുമ്പ് കുട്ടികളിൽ മണ്ണൻ വരുന്നുണ്ട്. പ്രതിരോധ മരുന്ന് ഒരു തവണ എടുത്ത ശേഷം അടുത്ത തവണ എടുക്കാത്തവർക്കും മണ്ണൻ കണ്ടുതുടങ്ങിയിരിക്കുന്നു.

പുതുമുഖങ്ങൾക്ക് സീറ്റ് നൽകണം

തിരുവനന്തപുരം: നിയമസഭാ തിരഞ്ഞെടുപ്പിൽ ലത്തീൻ സമുദായത്തിലെ പുതുമുഖങ്ങൾക്കും യുവജനങ്ങൾക്കും സീറ്റ് നൽകണമെന്ന് തിരുവനന്തപുരം കോസ്റ്റൽ വ്യൂ കോ – ഓർഡിനേറ്റർ അമലദാസൻ പെരേര, കോർഡിയൽ സ്റ്റീഫൻ എന്നിവർ മുന്നണികളോട് ആവശ്യപ്പെട്ടു.

ആലോചനായോഗം ഇന്ന്

തിരുവനന്തപുരം: ചെമ്പഴന്തി രണ്ടാമത് ശ്രീനാരായണ കൺവെൻഷന്റെ ആലോചനായോഗം ശിവഗിരി ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി പ്രകാശാനന്ദയുടെ അദ്ധ്യക്ഷതയിൽ ഇന്ന് രാവിലെ 10ന് ചെമ്പഴന്തി ഗുരുകുലത്തിൽ നടക്കുമെന്ന് ഗുരുകുലം സെക്രട്ടറി സ്വാമി അരൂപാനന്ദ അറിയിച്ചു.

മേധാപട്കർ വിളപ്പിൽശാല സന്ദർശിക്കും

തിരുവനന്തപുരം: വിളപ്പിൽശാല ചവർ സംസ്കരണ ഫാക്ടറി അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടുള്ള ജനകീയസമിതിയുടെ പ്രക്ഷോഭത്തിന് പിന്തുണയുമായി പ്രമുഖ പരിസ്ഥിതി പ്രവർത്തക മേധാപട്കർ എത്തുന്നു. സമരത്തിന്റെ നൂറാം ദിവസത്തിലാണ് മേധാപട്കർ വിളപ്പിൽശാല സന്ദർശിക്കുക. ജനകീയസമിതി നടത്തുന്ന സത്യാഗ്രഹം ഇന്നലെ 63-ാം ദിവസം പിന്നിട്ടു. സമരസമിതി കൺവീനർ നൂർമുഹമ്മദും കുടുംബവുമാണ് നിരാഹാരമനുഷ്ഠിക്കുന്നത്. സമരത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ വിളപ്പിൽ പഞ്ചായത്ത് ഓഫീസ് ഉപരോധിക്കുമെന്ന് സമിതി പ്രസിഡന്റ് ബുർഹാനും സെക്രട്ടറി ബെനക്സണും അറിയിച്ചു. ഫാക്ടറി മൂലം ദുരിതമനുഭവിക്കുന്നവർക്ക് സർക്കാർ അടിയന്തരസഹായം അനുവദിക്കണമെന്ന് ഇന്നലെ ചവർഫാക്ടറി സന്ദർശിച്ച കാട്ടാക്കട മണ്ഡലത്തിലെ ബി.ജെ.പി സ്ഥാനാർത്ഥി പി.കെ. കൃഷ്ണദാസ് ആവശ്യപ്പെട്ടു.

'അയ്യപ്പപ്പണിക്കരുടെ കൃതികൾ 2000 – 2006' ചർച്ച 15ന്

തിരുവനന്തപുരം: യശശ്ശരീരനായ ഡോ. അയ്യപ്പപ്പണിക്കരുടെ ഏറ്റവും ഒടുവിൽ പുറത്തിറങ്ങിയ 'അയ്യപ്പപ്പണിക്കരുടെ കൃതികൾ 2000 – 2006' എന്ന പുസ്തകത്തെക്കുറിച്ച് മാർച്ച് 15ന് വൈകുന്നേരം 5.30ന് വൈ.എം.സി.എയുടെ എ.സി ഹാളിൽ ചർച്ച നടക്കും. ഡോ. സച്ചിദാനന്ദൻ അദ്ധ്യക്ഷത വഹിക്കും. കഥാകൃത്ത് ബി.മുരളി പുസ്തകം അവതരിപ്പിക്കും. തുടർന്ന് കവിതാവതരണവും ഉണ്ടായിരിക്കും.

ധർമ്മവേദി മേഖലാസമ്മേളനം സ്വാഗതസംഘം

തിരുവനന്തപുരം: ശ്രീനാരായണ ധർമ്മവേദി പേട്ട മേഖലയുടെ കീഴിൽ വരുന്ന ശാഖകളുടെ സംയുക്ത സമ്മേളനം ഏപ്രിൽ 3ന് പേട്ട രാജേന്ദ്ര മൈതാനത്ത് നടത്തുന്നതിന്റെ സ്വാഗതസംഘം ഞായറാഴ്ച ഉച്ചയ്ക്കുശേഷം 3ന് പേട്ട കോർപ്പറേഷൻ ഹാളിൽ കൂടുന്നു. പട്ടം രമേശൻ, വി. സതീശൻ, ജഗതി രാജൻ, ജയഹരി, മംഗലത്തുകോണം ഗിരീഷ് എന്നിവർ പ്രസംഗിക്കും. ബന്ധപ്പെട്ടവരെല്ലാം പ്രസ്തുത യോഗത്തിൽ പങ്കെടുക്കണമെന്ന് പേട്ട ശാഖാ പ്രസിഡന്റ് സി.ആർ. പ്രസാദ് അറിയിച്ചു.

പാൽക്കര ഭഗവതി ക്ഷേത്രത്തിൽ തൂക്കമഹോത്സവം

കഴക്കൂട്ടം: മേനംകുളം പാൽക്കര (ഏലായിൽ) ഭഗവതി ക്ഷേത്രത്തിലെ തൂക്കം മഹോത്സവം ഇന്ന് ആരംഭിച്ച് 19ന് സമാപിക്കും. ഇന്ന് വൈകിട്ട് 6ന് സോപാനസംഗീതം, രാത്രി 7ന് തൂക്കം എഴുതി നിർത്തൽ, 9.30ന് നൃത്തനിശ, 14ന് രാത്രി 7ന് ശാസ്ത്രീയസംഗീതക്കച്ചേരി, 9.30ന് ഡാൻസ്, 15ന് രാത്രി 7ന് ഗാനാമൃതം, 16ന് രാത്രി 7ന് നൃത്തസന്ധ്യ, 9.30ന് കഥകളി, 17ന് രാവിലെ 10ന് നാഗരൂട്ട്, രാത്രി 10.30ന് നാടകം 'ചതിക്കാത്ത സ്നേഹിതൻ', 18ന് രാത്രി 8.30ന് നാഗസ്വരക്കച്ചേരി, 10.30ന് ഗാനമേള, 19ന് രാവിലെ 7.30ന് പൊങ്കാല, വൈകിട്ട് 3ന് ആറാട്ട്, 4ന് തൂക്കം, രാത്രി 10.30ന് ഡാൻസ് എന്നിവ ഉണ്ടായിരിക്കും.

റിസർച്ച് ഫെലോ ഒഴിവ്

തിരുവനന്തപുരം: ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽ റിസർച്ച് ഫെലോയെ (താത്കാലികം) തിരഞ്ഞെടുക്കുന്നു. കൂടുതൽ വിവരങ്ങൾ www.sctimst.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

കാറിൽ വന്ന് യുവാവിനെ വെട്ടി

കഴക്കൂട്ടം : തൃപ്പാദപുരം ജംഗ്ഷനിൽ കൂട്ടുകാരുമായി സംസാരിച്ചുനിൽക്കുകയായിരുന്ന യുവാവിനെ കാറിൽ വന്ന മൂന്നംഗ സംഘം വെട്ടിപ്പരിക്കേല്പിച്ചു. തൃപ്പാദപുരം സ്വദേശി ജിത്തുവിനെ (30) ആണ് വെട്ടേറ്റ പരിക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇന്നലെ രാത്രി 10 ഓടെയാണ് സംഭവം. വ്യക്തിവൈരാഗ്യമാണ് കാരണമെന്ന് കരുതുന്നതായി പൊലീസ് പറഞ്ഞു. പൊലീസ് കേസെടുത്ത് അന്വേഷണമാരംഭിച്ചു.

കല്ലുകൊണ്ട് ഇടിയേറ്റു

തിരുവനന്തപുരം: കല്ല് കൊണ്ടുള്ള ഇടിയേറ്റ് സാരമായി പരിക്കേറ്റ വട്ടിയൂർക്കാവ് സ്വദേശി തോമസിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

നഗരത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഗിരീഷ് ആണ് കല്ല് കൊണ്ട് ഇടിച്ചതെന്ന് പൊലീസ് പറഞ്ഞു. മദ്യപിച്ച് അടുത്തുചെന്ന തോമസ് ഇയാളെ പ്രകോപിപ്പിച്ചതാണ് മർദ്ദനത്തിനു കാരണമെന്നും പൊലീസ് അറിയിച്ചു.

തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിച്ച കലാസാഹിത്യ മത്സരങ്ങളിൽ യു.പി വിഭാഗത്തിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ നെല്ലിമൂട് ദേശാഭിവർദ്ധിനി ഗ്രന്ഥശാലയിലെ വൈഷ്ണവി ബി. പിള്ള

ഹിന്ദു നാടാർ സമാജത്തിന്റെ നേതൃത്വത്തിൽ വൈകുണ്ഠസ്വാമി ജയന്തി ആഘോഷം തീർത്ഥപാദ മണ്ഡപത്തിൽ മന്ത്രി വി. സുരേന്ദ്രൻപിള്ള ഉദ്ഘാടനം ചെയ്യുന്നു

കിംസിൽ പുതുതായി ആരംഭിച്ച അത്യാധുനിക ട്രോമ കെയർ ഐ.സി.യുവിന്റെ ഉദ്ഘാടനം ദക്ഷിണ മേഖല വ്യോമ മേധാവി എയർമാർഷൽ സുമിത് മുഖർജി നിർവഹിക്കുന്നു. ഡോ. എം. ഐ. സഹദുള്ള (സി. എം. ഡി, കിംസ്), ഇ.എം. നജീബ് (എക്സിക്യൂട്ടീവ് ഡയറക്ടർ, കിംസ്), എയർ മാർഷൽ ഡോ. മധുസൂദനൻ (ഡി.എ), ഡോ. മോനി കെ. വിനോദ്, ഡോ. ജേക്കബ് ജോൺ എന്നിവർ സമീപം.

പുറത്താക്കിയ ആളെ നിയമിക്കാൻ നീക്കമെന്ന്

തിരുവനന്തപുരം: വ്യാജ സർട്ടിഫിക്കറ്റ് നേടി ജോലിതട്ടിപ്പ് നടത്തിയതായി കണ്ടെത്തിയതിന് പുറത്താക്കിയ ജീവനക്കാരനെ വീണ്ടും ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിയമിക്കാൻ നീക്കമെന്ന് ആരോപണം. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പേരൂർക്കട പൂളിൽ ജീവനക്കാരനായിരുന്ന സതികുമാർ എന്നയാളിനെതിരെയാണ് സി.പി.ഐ പേരൂർക്കട ലോക്കൽ സെക്രട്ടറി സി.എൽ. രാജൻ സംസ്ഥാന ലേബർകമ്മിഷണർ, ജില്ലാ കളക്ടർ, സിറ്റി പൊലീസ് കമ്മിഷണർ, ജില്ലാ ലേബർ ഓഫീസർ എന്നിവർക്കു പരാതി നൽകിയത്.

കിഴക്കുംകര ഭദ്രകാളിക്ഷേത്രം

കുളത്തൂർ: കിഴക്കുംകര ഭദ്രകാളി ക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷികവും യോഗീശ്വര പുനഃപ്രതിഷ്ഠാ മഹോത്സവവും ഇന്നുമുതൽ 19 വരെ നടക്കും. ഇന്നു രാവിലെ 10.30ന് കൊടിയേറ്റ്, വൈകിട്ട് 7.15ന് കാപ്പുകെട്ടി കുടിയിരുത്ത്, 17ന് രാവിലെ 8.30ന് നാഗരൂട്ട്, 19ന് രാവിലെ 10.30ന് പൊങ്കാല, വൈകിട്ട് 6.45ന് ആനപ്പുറത്തെഴുന്നള്ളിപ്പ്, 11.30ന് പൂത്തിരിമേളം. എല്ലാ ദിവസവും ഉച്ചയ്ക്ക് അന്നദാനം ഉണ്ടായിരിക്കും.

ഉപരോധം മാറ്റിവച്ചു

തിരുവനന്തപുരം: 15നു നടത്താനിരുന്ന റെയിൽ ഉപരോധം മാറ്റിവച്ചതായി കെ.പി.എം.എസ് ജനറൽ സെക്രട്ടറി എൻ.കെ. നീലകണ്ഠൻ മാസ്റ്റർ പ്രസ്താവനയിൽ അറിയിച്ചു.

വിഴിഞ്ഞത്തിന്റെ ചരിത്രപ്രൗഢിക്ക് റോമൻ സാക്ഷ്യപത്രം

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിന്റെ വാണിജ്യ പ്രാധാന്യം രണ്ടായിരം വർഷങ്ങൾക്കുമുമ്പുതന്നെ റോമാക്കാർ മനസ്സിലാക്കിയിരുന്നുവെന്ന് കണ്ടെത്തൽ. കേരള സർവകലാശാല ആർക്കിയോളജി വിഭാഗം ഇവിടെ നടത്തിയ ഉദ്ഖനനത്തിൽ കണ്ടെത്തിയ വസ്തുക്കളൊക്കെയും വിഴിഞ്ഞത്തിന്റെ ചരിത്രപ്രൗഢി വിളിച്ചോതുന്നവയാണ്. റോമാക്കാർ വീഞ്ഞ് കയറ്റിയയച്ചിരുന്ന കളിമണ്ണിൽ തീർത്ത സംഭരണികളും ഇറാനിലും ഇറാക്കിലും ഉപയോഗിച്ചിരുന്ന ഇളംപച്ചനിറത്തിലുള്ള കളിമൺ പാത്രങ്ങളും ഖനനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞുവെന്ന് ആർക്കിയോളജി വകുപ്പദ്ധ്യക്ഷൻ ഡോ. അജിത്കുമാർ പറഞ്ഞു. കോപ്പപോലെ കീഴ്ഭാഗം കൂർത്തതും മുകൾഭാഗത്ത് വായ്ത്തലപ്പും രണ്ട് പിടികളുമുള്ള വീഞ്ഞ് സംഭരണിക്ക് റോമിൽ ആംഫോർ എന്നാണ് വിളിച്ചിരുന്നതെന്ന് ചരിത്രരേഖകൾ ഉദ്ധരിച്ച് അജിത്കുമാർ വിവരിച്ചു. ബ്രിട്ടീഷ് ചരിത്രകാരനായ ബ്രസ്സലിന്റെ പുസ്തകങ്ങളിൽ വിഴിഞ്ഞത്തു കണ്ടെത്തിയ പൗരാണിക വസ്തുക്കളെക്കുറിച്ചുള്ള വിവരണമുണ്ട്. അഞ്ച് ഗവേഷണ അധ്യാപകരുടെ നേതൃത്വത്തിൽ 20 ഓളം വിദ്യാർത്ഥികൾ ഒന്നരമാസക്കാലം നടത്തിയ ഖനനത്തിലാണ് നൂറ്റാണ്ടുകൾക്കുമുമ്പ് തന്നെ വിഴിഞ്ഞത്തിന്റെ ഖ്യാതി ഭാരതത്തിന്റെ അതിരും കടന്ന് ലോകഭൂമികയിൽ ഇടംപിടിച്ചതിനു ഉപോത്ബലകമായ തെളിവുകൾ കണ്ടെത്തിയത്. വിഴിഞ്ഞം കോസ്റ്റൽ പൊലീസ് സ്റ്റേഷനു തൊട്ടുപിറകിലായി 35 ചതുരശ്ര മീറ്ററിൽ രണ്ടുഭാഗങ്ങളായി തിരിച്ചായിരുന്നു ഖനനം.

ഗതാഗതം തടസപ്പെടില്ല

തിരുവനന്തപുരം: ഗതാഗതം തടസപ്പെട്ടിരുന്ന കേശവദാസപുരം മണ്ണന്തല റോഡ് എസ്. എസ്. എൽ. സി പരീക്ഷ പ്രമാണിച്ച് മാർച്ച് 14 മുതൽ പൂർണമായും ഗതാഗതയോഗ്യമാക്കുമെന്ന് നാഷണൽ ഹൈവേ ചീഫ് എൻജിനിയർ അറിയിച്ചു.

സംഭാവന

തിരുവനന്തപുരം: കരമന ഇലങ്കംലെയ്നിൽ ടി.സി 21 / 1925 (1) ലാവണ്യയിൽ കെ. ബാബു മകൾ ബി.എസ്. ജയശ്രീ (എച്ച്.എസ്.എ, ജി.എച്ച്.എസ്.എസ് നാവായിക്കുളം) യുടെ ഒന്നാം ചരമവാർഷികം പ്രമാണിച്ച് ശ്രീചിത്രാഹോമിലെ അന്തേവാസികൾക്ക് ഇന്ന് അന്നദാനത്തിനായി 2001 രൂപ സംഭാവന നൽകി.

വൈകുണ്ഠസ്വാമി ജയന്തി ആഘോഷം

തിരുവനന്തപുരം: അവശജന വിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി സന്ധിയില്ലാ സമരം നടത്തിയ വൈകുണ്ഠസ്വാമികളെ മറന്നുകൊണ്ട് കേരളത്തിന്റെ ചരിത്രം പഠിക്കാൻ കഴിയില്ലെന്ന് മന്ത്രി വി. സുരേന്ദ്രൻപിള്ള പറഞ്ഞു. ഹിന്ദു നാടാർ സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന വൈകുണ്ഠസ്വാമി ജയന്തി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാമൂഹിക പരിഷ്കരണം ദീർഘവീക്ഷണത്തോടെ നടപ്പിലാക്കി കാലഘട്ടത്തിന്റെ ഉദാത്തമാതൃകയാകാൻ സ്വാമികൾക്കു കഴിഞ്ഞുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഹിന്ദു നാടാർ സമാജം സംസ്ഥാന പ്രസിഡന്റ് അരുവിക്കര നാരായണൻ നാടാർ അദ്ധ്യക്ഷതവഹിച്ചു. പുഞ്ചക്കരി സുരേന്ദ്രൻ, പാച്ചല്ലൂർ സുകുമാരൻ, യു.എസ് ശാന്തകുമാരി, കരകുളം രാജൻ, സോമൻ നാടാർ, കാഞ്ഞിരംകുളം ലാസർ, മുല്ലൂർ ശശിധരൻ, പി. കൃഷ്ണൻ, വണ്ടിത്തടം വിജയൻ തുടങ്ങിയവർ സംസാരിച്ചു.

കിംസിൽ ട്രോമ ഐ.സി.യു

തിരുവനന്തപുരം: ആഗോളതലത്തിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന അത്യാധുനിക ട്രോമ ഐ.സി.യു വിഭാഗം കിംസ് ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചു. ദക്ഷിണമേഖല വ്യോമയാന മേധാവി എയർ മാർഷൽ സുമിത്മുഖർജി ഉദ്ഘാടനം ചെയ്തു. ജനറൽ സർജറി, ന്യൂറോ സർജറി, ഇ.എൻ.ടി സർജറി, ഓർത്തോപീഡിക്സ് സർജറി, മാക്സില്ലോഫേഷ്യൽ തുടങ്ങിയവയിൽ വിദഗ്ധ പരിശീലനം ലഭിച്ച ട്രോമ ടീമിന്റെ സേവനം 24 മണിക്കൂറും ലഭിക്കും.

പൊതുയോഗം ഇന്ന്

തിരുവനന്തപുരം: കേരള യാദവ സഭയുടെ ആഭിമുഖ്യത്തിൽ ചാല കൊത്തുവാൽ സ്ട്രീറ്റ് മുത്തുമാരി അമ്മൻ ക്ഷേത്രം ഹാളിൽ ഇന്ന് വൈകിട്ട് 3ന് പൊതുയോഗം നടത്തും. സമുദായ അംഗങ്ങൾ പങ്കെടുക്കണമെന്ന് സെക്രട്ടറി കെ. വിജയൻപിള്ള അഭ്യർത്ഥിച്ചു.

കേരള സർവകലാശാല യുവജനോത്സവത്തിൽ ഹിന്ദി ചെറുകഥയ്ക്ക് രണ്ടാം സ്ഥാനം നേടിയ ആൾസെയിന്റ്സ് കോളേജിലെ ഭവ്യാ മോഹൻ

പരിക്കേറ്റയാളെ വഴിയിൽ തള്ളിയ സംഭവം: കാർ കണ്ടെത്താൻ അന്വേഷണം

തിരുവനന്തപുരം: തോന്നയ്ക്കലിലെ അപകടത്തിൽ പരിക്കേറ്റ വിജയനെ വഴിയിൽ തള്ളുകയും രക്തം വാർന്ന് അവിടെ കിടന്നു മരിക്കുകയും ചെയ്ത സംഭവത്തിൽ ആൾട്ടോ കാർ കണ്ടെത്താൻ മംഗലപുരം പൊലീസ് ഊർജിത അന്വേഷണം ആരംഭിച്ചു.

തോന്നയ്ക്കൽ പതിനാറാം കല്ലിൽ വ്യാഴാഴ്ച രാത്രി പത്തരയോടെ സ്കോർപ്പിയോ കാറിടിച്ച് പരിക്കേറ്റ തോന്നയ്ക്കൽ മാവുവിള വീട്ടിൽ കുട്ടൻ എന്നു വിളിക്കുന്ന വിജയൻ(40) എന്നയാളെയാണ് അതുവഴിവന്ന കാറിൽ നാട്ടുകാർ കയറ്റി ആശുപത്രിയിലേക്ക് വിട്ടത്. എന്നാൽ കാറിൽ നാട്ടുകാരിൽ നിന്നുള്ള ആരും കൂടെ കയറിയിരുന്നില്ല. കൂട്ടത്തിൽ മരിച്ച വിജയന്റെ ബന്ധുക്കളും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. എന്നിട്ടും ആരും ഒപ്പം പോയിരുന്നില്ല. അടുത്തുള്ള ഒരു ക്ഷേത്രത്തിൽ ഉത്സവം നടക്കുകയായിരുന്നതിനാൽ കൂടിനിന്നവരിൽ ഭൂരിപക്ഷവും മദ്യപിച്ചിരുന്നതായി പൊലീസ് പറഞ്ഞു. അതിനാലാണ് ആരും കൂടെ പോകാത്തതെന്ന് കരുതുന്നു. അതുവഴി വന്ന കാർ തടഞ്ഞുനിറുത്തി ബോണറ്റിൽ അടിച്ച് ബഹളം വച്ചാണത്രേ വിജയനെ കാറിൽ കയറ്റിയത്. ഈ സമയം വിജയനെ അപകടത്തിൽപ്പെട്ട കാറിൽ കൊണ്ടുപോകാമെന്ന് അതിലെ ഡ്രൈവർ പറഞ്ഞുവെങ്കിലും കൂടിനിന്നവർ അനുവദിച്ചില്ല.

വിജയനെ ഉപേക്ഷിച്ചത് പോത്തൻകോട്ട് പോകുന്ന ഒരു റോഡിലായിരുന്നു. ആളൊഴിഞ്ഞ ഈ പ്രദേശത്തെക്കുറിച്ച് നല്ല ബോധ്യമുള്ള ആൾക്കാരാണ് കാറിൽ യാത്ര ചെയ്തതെന്ന് ഇതിൽനിന്നു പൊലീസ് വിലയിരുത്തുന്നു. അതുകൊണ്ടുതന്നെ തൊട്ടടുത്തുള്ള പ്രദേശങ്ങളിലെ ഏതോ കാറാണിതെന്ന് സംശയിക്കുന്നു. അതിനാൽ ഈ പ്രദേശങ്ങളിലെ ആൾട്ടോ കാർ ഉടമകളെ കേന്ദ്രീകരിച്ചാണ് പൊലീസ് അന്വേഷിക്കുന്നത്.

ഗുണ്ടകൾ ഏറ്റുമുട്ടി; ഒരാൾക്ക് പരിക്ക്

തിരുവനന്തപുരം: നഗരമദ്ധ്യത്തിൽ പട്ടാപ്പകൽ ഗുണ്ടകളുടെ ഏറ്റുമുട്ടൽ. ക്രിമിനലുകളായ പന്തം ജയനും ശുക്രൻ ഷാജിയുമാണ് ഇന്നലെ ഉച്ചയ്ക്ക് ഏറ്റുമുട്ടിയത്. ജഗതി മുടിപ്പുരലെയ്നിൽ ഹീരാ അപ്പാർട്ട്മെന്റിനു മുന്നിൽ നടന്ന സംഘട്ടനത്തിൽ കല്ല് കൊണ്ട് തലയ്ക്കടിയേറ്റ ജഗതി പാടംപഴഞ്ഞി പണയിൽ വീട്ടിൽ ശുക്രൻ ഷാജി എന്നു വിളിക്കുന്ന സുരേഷിനെ (30) ഗുരുതര പരിക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പന്തം ജയൻ ഒളിവിലാണ്. മദ്യപിച്ചിരുന്ന ഇരുവരും തമ്മിലുണ്ടായ വാക്കുതർക്കമാണ് സംഘട്ടനത്തിൽ കലാശിച്ചതെന്ന് പൊലീസ് പറഞ്ഞു. മ്യൂസിയം പൊലീസ് കേസെടുത്തിട്ടുണ്ട്.

സി.ഐ ഓഫീസിലേക്ക് മാർച്ച് നടത്തി

കഴക്കൂട്ടം: കഴക്കൂട്ടത്തെ പെൺവാണിഭ കേസിൽ കൂടുതൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ഡി. വൈ. എഫ്. ഐയുടെ നേതൃത്വത്തിൽ ഇന്നലെ കഴക്കൂട്ടം സി.ഐ ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തി. സംസ്ഥാന കമ്മിറ്റി അംഗം ദീപക് ഉദ്ഘാടനം ചെയ്തു. കൗൺസിലർ കാട്ടായിക്കോണം വിനോദ്, എസ്. എസ്. ബിജു, കരിയിൽ പ്രശാന്ത്, എം. ജലീൽ, വിജയകുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

മദ്യവുമായി പിടിയിൽ

തിരുവനന്തപുരം: പ്രാവച്ചമ്പലം കോൺവെന്റ് റോഡിലെ യൂണിസ് ഓട്ടോ ഗാരേജിനു മുന്നിൽ അനധികൃത മദ്യവില്പന നടത്തിവന്ന കല്ലിയൂർ പൊറ്റവിള പുതുവൽ വാറുവിളാകത്ത് പുത്തൻവീട്ടിൽ രാധാകൃഷ്ണനെ(45) എക്സൈസ് സംഘം പിടികൂടി. തിരുവനന്തപുരം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജി.കെ. അനിൽകുമാറിന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിലാണ് രാധാകൃഷ്ണനെ അറസ്റ്റ് ചെയ്തത്. രണ്ടു സ്കൂട്ടറുകളിലായി വില്പനയ്ക്ക് സൂക്ഷിച്ചിരുന്ന നൂറു കുപ്പി മദ്യവും പിടിച്ചെടുത്തു. എക്സൈസ് ഇൻസ്പെക്ടർ ആർ. കിജൻ, ഗാർഡുമാരായ എം. സന്തോഷ്കുമാർ, ചന്ദ്രശേഖരൻ, പത്മകുമാർ, ഡ്രൈവർ ബാബു എന്നിവരും റെയ്ഡിൽ പങ്കെടുത്തു.